(ഡി) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ താൽക്കാലികം/കരാർ അടിസ്ഥാനത്തിൽ ഇപ്പോൾ എത്രപേർ ജോലി നോക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ തസ്തികയിലേക്ക് പി.എസ്.സി. അഡ്വൈസ് നൽകിയിട്ടും നിയമന ഉത്തരവ് നൽകാത്ത എത്രപേരുണ്ടെന്ന് പറയാമോ;

(എഫ്) ഈ തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേക്ക് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ 1311 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഇവരുടെ സംവരണക്രമം പി.എസ്.സി.യിൽ നിന്നും മാത്രമേ അറിയുവാൻ സാധിക്കുകയുള്ളൂ.

(ബി) ഇപ്പോൾ അത്തരം ഒഴിവുകളില്ല. ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി.യെ അറിയിച്ച് അവയും നികത്തുന്നതാണ്.

(സി) നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനില്ല.

(ഡി) കാഷ്യർ തസ്തികയിൽ 5 താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ഇപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമന ഉത്തരവ് നൽകിയിട്ടുള്ളവർ ജോലിക്ക് ഹാജരാകുന്ന മുറയ്ക്ക് ഈ താൽക്കാലിക ജീവനക്കാരുടെ സേവനം നിർത്തലാക്കി പിരിച്ചുവിടുന്നതാണ്.

(ഇ) ഈ തസ്തികയിലേക്ക് പി.എസ്.സി. അഡ്വൈസ് ലഭിച്ചിട്ടുള്ള എല്ലാപേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(എഫ്) നിലവിലുള്ള ഒവിവുകളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

136 (280) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലെ ഒഴിവുകൾ

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ എത്ര ഒഴിവുകളുണ്ട്;

(ബി) ഒഴിവുകളുടെ എണ്ണം പബ്ലിക് സർവീസ് കമ്മിഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ചവർക്ക് എല്ലാം നിയമനം നൽകിക്കഴിഞ്ഞോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ ഇനിയും എത്രപേർക്ക് നിയമനം നൽകാൻ ബാക്കി യുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൽക്കാലം ഒഴിവുകളൊന്നും നിലവിലില്ല.

(ബി) പ്രസക്തമല്ല.

(സി) നൽകിക്കഴിഞ്ഞു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

137 (281) വൈദ്യുതിനിരക്ക് വർദ്ധന

ശ്രീ. കെ.എം. മാണി :

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്കിൽ വരുത്തിയ വർദ്ധനമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടും, വ്യവസായമേഖലയിൽ സംജാതമായിട്ടുള്ള പ്രതിസന്ധിയേയുംപ്പറ്റി സർക്കാരിന് ബോദ്ധ്യമായിട്ടുണ്ടോ;

(ബി) വൈദ്യുതിനിരക്ക് വർദ്ധന പുനഃപരിശോധിക്കാൻ സർക്കാർ സന്നദ്ധമാവുമോ?

ഉത്തരം

(എ)&(ബി) ഗാർഹികമേഖലയിൽ ചാർജ്ജ് വർദ്ധന ശരാശരി 26.5 ശതമാനം മാത്രമാണ്. വ്യവസായ മേഖലയിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചശേഷവും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നിരക്ക് കുറവാണ്. ഈ നിരക്ക് വർദ്ധനവുകൊണ്ട് വ്യാവസായികമേഖലയിൽ പ്രതിസന്ധി ഉണ്ടായതായി തോന്നുന്നില്ല. വൈദ്യുതി ചാർജ്ജ് വർദ്ധനവിന് സർക്കാരിനെ നിർബന്ധമാക്കിയ സാഹചര്യങ്ങൾ താഴെപ്പറയുന്നവയാണ്.

കായംകുളം താപനിലയത്തിൽനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ വിലയും, ബ്രഹ്മപുരം ഡീസൽ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിലയും, ആഭ്യന്തര ഉൽപാദനം വഴിയുള്ള വൈദ്യുതിയുടെ വിലയും കണക്കാക്കിയാൽ സംസ്ഥാനത്ത് ഇപ്പോൾ വിതരണം നടത്തുന്ന വൈദ്യുതിയ്ക്ക് യൂണിറ്റൊന്നിന് ശരാശരി 199.5 പൈസ ചെലവാകുന്നുണ്ട്. നിരക്ക് വർദ്ധിപ്പിക്കുന്നതിനുമുമ്പ് ബോർഡിന് ലഭിച്ചുകൊണ്ടിരുന്നത് യൂണിറ്റിന് 144 പൈസയാണ്. അതായത് വരുമാനവും ചെലവും തമ്മിൽ യൂണിറ്റിന് 55 പൈസയുടെ അന്തരമുണ്ടായിരുന്നതുമൂലം പ്രതിദിനം 2 കോടി രൂപയോളം നഷ്ടത്തിലായിരുന്നു. ഇപ്പോൾ വരുത്തിയ താരിഫ് വർദ്ധനവിനുശേഷം ഒരു യൂണിറ്റ് വൈദ്യുതി വിറ്റാൽ ബോർഡിന് ശരാശരി ലഭിക്കുന്നത് 189 പൈസയാണ്. അതായത് ഓരോ യൂണിറ്റ് വൈദ്യുതി വിൽക്കുമ്പോഴും ബോർഡ് ചാർജ് വർദ്ധന വരുത്തിയശേഷവും 10.5 പൈസ നഷ്ടത്തിലാണ്. ഈ സാഹചര്യം വൈദ്യുതിനിരക്ക് വർദ്ധന പുനഃപരിശോധിക്കാൻ കഴിയുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly